CYAN MAGENTA YELLOW BLACK



# കരിമ്പിന്റെ മധുരവും കൊടുങ്കാറ്റിന്റെ ഇരമ്പലും നിറഞ്ഞ നാട്

കെ.കെ

ക്യൂബ എന്നും വാർത്തകളിൽ നിറഞ്ഞുനില്ക്കുന്നു. അധിനിവേശശക്തികൾക്കെതിരെ നിരന്തരം പോരാടുന്ന ഫിഡൽകാസ്ട്രോയുടെ നാട്. മെക്സിക്കോ ഉൾക്കടലിനോടു ചേർന്നുകിടക്കുന്ന കരീബിയൻ രാജ്യം.

വാസ്തവത്തിൽ ഒരു ദ്വീപസമൂഹമാണു ക്യൂബ. കടലിൽ ചിതറിക്കിടക്കുന്ന 3715 ഭൂഭാഗങ്ങൾ ചേർന്നുണ്ടായ രാജ്യം. ആകെ വിസ്തൃതി 121514 ചതുരശ്രകിലോമീറ്റർ. ജനസംഖ്യ ഒന്നേകാൽ കോടിയോളം. റിപ്പബ്ലിക്കാ ദെ ക്യൂബ എന്നാണ് ഔദ്യോഗിക നാമം.

പർവതങ്ങളും സമതലങ്ങളും ഇടകലർന്ന കാർഷിരാജ്യമാണു ക്യൂബ. കൃഷിക്കനുകൂലമായ കാലാവസ്ഥ. ധാരാളം മഴ കിട്ടുന്നു. ഏക ഭീഷണി കൊടുങ്കാറ്റുകളാണ്. 'ഹരിക്കേൻ' എന്ന വിഭാഗത്തിൽപെടുന്ന കൊടുങ്കാറ്റുകൾ മണിക്കൂറിൽ 260 കി.മി. വേഗതയിലാണു കടൽ കടന്നെത്തുക. ധാരാളം മഴ തരുന്നതോടൊപ്പം കനത്ത നാശനഷ്ടങ്ങളും ഹരിക്കേൻ ക്യൂബയ്ക്കു സമ്മാനിക്കുന്നു.

1492 ൽ ക്രിസ്റ്റഫർ കൊളംബസാണു ക്യൂബ ദ്വീപുകൾ കണ്ടുപിടിച്ചത്. അതോടൊപ്പം യൂറോപ്യന്മാരുടെ കുടിയേറ്റവും ഉണ്ടായി. പ്രധാനമായും സ്പെയിൻകാർ. 1898 വരെ ക്യൂബ ഒരു സ്പാനിഷ് കോളനി ആയിരുന്നു. ഇടയ്ക്കു ബ്രിട്ടീഷുകാർ കടന്നുവന്നെങ്കിലും പെട്ടെന്നു തന്നെ മടങ്ങേണ്ടിവന്നു.

1898 ഡിസംബർ 10 ന് അമേരിക്കയും സ്പെയിനുമായി ഒപ്പുവച്ച 'പാരീസ് ഉടമ്പടി' പ്രകാരം ക്യൂബ ഒരു സ്വതന്ത്രരാജ്യമായി. എങ്കിലും അമേരിക്കയുടെ നിയന്ത്രണം തുടർന്നു. 1934 ൽ പ്രസിഡണ്ട് റൂസ്‌വെൽറ്റ് ക്യൂബയുടെ മേലുള്ള പരോക്ഷ ആധിപത്യം ഉപേക്ഷിച്ചു.

1935 മുതൽ 1959 രെ ക്യൂബയുടെ ഭരണാധിപൻ പൂൾജൻ സിയോ ബതീസ്റ്റാ ആയിരുന്നു. അഴിമതി നിറഞ്ഞ ബതീസ്റ്റയുടെ ഏകാധിപത്യഭരണത്തെ ജനങ്ങൾ വെറുത്തു. അസ്വസ്ഥരായ ജനങ്ങൾ പ്രക്ഷോഭപാതയിലേക്കു നീങ്ങി.

ഇക്കാലത്ത് ഒരു നിയമവിദ്യാർത്ഥിയായിരുന്ന ഫിഡൽ കാസ്ട്രോ ബതീസ്റ്റയ്ക്കെതിരെ യുവാക്കളെ സംഘടിപ്പിച്ച് ഒളിപ്പോരുമായി രംഗത്തിറങ്ങി. ബതീസ്റ്റാ ഇവർക്കെതിരെ ക്രൂരമായ മർദ്ദനമുറകൾ അഴിച്ചുവിട്ടു.



ഫിഡൽ കാസ്ട്രോയും സഹോദരൻ റൗൾ കാസ്ട്രോയും

**ക്യൂബയുടെ ഉറ്റസുഹൃത്തായ വെനസ്വേലയിലെ ഹ്യൂഗോ ഷാവേസിനോടൊപ്പം അമേരിക്കയുമായി പുതിയ ബന്ധം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിലാണ് റൗൾ കാസ്ട്രോയും. ഏറെ താമസിയാതെ ലോകം ഒരു പുതിയ വാർത്ത കേട്ടേക്കും. അമേരിക്കയും ക്യൂബയുമായി നയതന്ത്രബന്ധം പുന:സ്ഥാപിക്കുന്നു.**

പക്ഷേ, ഏതൊരു ഏകാധിപതിയെയും പോലെ ബതീസ്റ്റയും അവസാനം ചെങ്കോൽ താഴെവയ്ക്കാൻ നിർബന്ധിതനായി.

1959 ജനുവരി ഒന്നിനു കാസ്ട്രോയുടെ 'വിപ്ലവപാർട്ടി' അധികാരം ഏറ്റെടുത്തു. ഒരു കമ്യൂണിസ്റ്റുകാരനായിരുന്ന കാസ്ട്രോ സ്വാഭാവികമായും അമേരിക്കയുടെ ശത്രുവായി. അതോടെ രാഷ്ട്രാന്തരബന്ധങ്ങൾ വഷളായി. പാശ്ചാത്യരാജ്യങ്ങൾക്കിടയിൽ ക്യൂബ ഒറ്റപ്പെട്ടു.

ഇതോടെ സോവ്യറ്റുയൂണിയൻ ക്യൂബയുടെ രക്ഷയ്ക്കെത്തി. അമേരിക്കയുടെ തന്ത്രങ്ങൾക്കെതിരെ പിടിച്ചു നില്ക്കാൻ ആയുധങ്ങൾകൊണ്ടും സമ്പത്തുകൊണ്ടും അവർ ക്യൂബയെ സഹായിച്ചു. ഇതു സോവ്യറ്റു യൂണിയനുമായുള്ള അമേരിക്കയുടെ ശീതയുദ്ധത്തിനു തീവ്രത വർദ്ധിപ്പിച്ചു.

1962ൽ ക്രൂഷ്ചോവ് സോവ്യറ്റു പ്രധാനമന്ത്രിയും ജോൺ കെന്നഡി അമേരിക്കൻ പ്രസിഡണ്ടുമായിരിക്കെ രണ്ടു രാജ്യങ്ങളും തമ്മിൽ ക്യൂബയുടെ പേരിൽ ഉണ്ടായ ഒരു സംഘർഷം മൂന്നാം ലോകമഹായുദ്ധത്തിന്റെ കരിനിഴൽ ലോകത്തിനുമേൽ വീഴ്ത്തി. സോവ്യറ്റു യൂണിയന്റെ 24 കപ്പലുകൾ ആയുധങ്ങളും മറ്റു സാധനങ്ങളും നിറച്ച് ആ വർഷം ഒക്ടോബർ മാസത്തിൽ അറ്റ്ലാന്റിക് സമുദ്രത്തിലൂടെ ക്യൂബയിലേക്കു നീങ്ങി. വിവരമറിഞ്ഞ് അമേരിക്കയുടെ യുദ്ധക്കപ്പലുകൾ റഷ്യൻ കപ്പൽ വ്യൂഹത്തെ തടഞ്ഞു. 24 മണിക്കൂറിനകം കപ്പലുകൾ മടങ്ങിപ്പോയില്ലെങ്കിൽ ആക്രമിക്കും എന്ന കെന്നഡിയുടെ അന്ത്യശാസനം ലോകത്തെ നടുക്കി.

ഭയത്തിന്റെ മുൾമുനയിൽ മണിക്കൂറുകളോളം ലോകത്തെ നിർത്തിയ സംഘർഷാവസ്ഥ പെട്ടെന്നയഞ്ഞു. കപ്പലുകളോടു മടങ്ങിപ്പോരാൻ ക്രൂഷ്ചേവ് നിർദ്ദേശിച്ചു. രാഷ്ട്രീയമായ ഒരു പരാജയമായിരുന്നെങ്കിലും ലോകചരിത്രം ക്രൂഷ്ചേവിന്റെ പക്വത നിറഞ്ഞ നടപടിയെ എന്നും ശ്ലാഘിക്കും.

എങ്കിലും ഒരുറപ്പ് സോവ്യറ്റുയൂണിയൻ അമേരിക്കയിൽനിന്നു നേടിയിരുന്നു-ക്യൂബയെ ആക്രമിക്കില്ല.



സമ്പത്തികമായി ഇന്നും ക്യൂബ മികച്ച നിലവാരത്തിലെത്തിയിട്ടില്ല. 1991 ൽ സോവ്യറ്റുയൂണിയൻ തകർന്നതിനുശേഷം കടുത്ത ദാരിദ്ര്യം ക്യൂബയെ പിടികൂടിയിരുന്നു. ഒരു കാലത്ത് 'ലോകത്തിന്റെ പഞ്ചാരപ്പാത്രം' എന്നറിയപ്പെട്ടിരുന്ന ക്യൂബയിലെ പ്രധാന കൃഷി ഇന്നും കരിമ്പ് തന്നെ. നെല്ല്, പുകയില, ഓറഞ്ച്, കാപ്പി, മധുരക്കിഴങ്ങ് തുടങ്ങിയവയാണ് പ്രധാന കാർഷികവിളകൾ.

ജനാധിപത്യത്തിന്റെ മുഖംമൂടി ധരിച്ച ഏകാധിപത്യഭരണമാണ് വാസ്തവത്തിൽ ക്യൂബയിലുള്ളത്. 1976 വരെ പ്രധാനമന്ത്രി ആയിരുന്ന കാസ്ട്രോ ഒരു ഭരണഘടനാഭേദഗതി കൊണ്ടുവന്നു. സ്വന്തം പദവി പ്രസിഡണ്ട് എന്നാക്കി. രാഷ്ട്രത്തലവൻ പ്രസിഡണ്ടാണ്. പ്രധാനമന്ത്രിസ്ഥാനം ഇല്ലാതാവുകയും ചെയ്തു.

ഒരു രാഷ്ട്രീയ പാർട്ടിയേയുള്ളൂ-കമ്യൂണിസ്റ്റു പാർട്ടി. തെരഞ്ഞെടുപ്പുകളുണ്ട്. എല്ലാം പാർട്ടിക്കാര്യം അല്ലെങ്കിൽ കാസ്ട്രോക്കാര്യം! 609 അംഗങ്ങളുള്ള നിയമനിർമാണസഭയും ഉണ്ട് – നാഷണൽ അസംബ്ലി. ഭൂരിപക്ഷംപേരും കമ്യൂണിസ്റ്റു കക്ഷിക്കാർ. ഏതാനും സീറ്റുകൾ സ്വതന്ത്രർക്കായി നീക്കിവച്ചിട്ടുണ്ട്. അതിൽപെട്ടവരാണ് പ്രതിപക്ഷാംഗങ്ങൾ.

കാസ്ട്രോ വൃദ്ധനായി. രോഗബാധിതനായി. ഇപ്പോൾ കിടക്കയിലാണ്. എങ്കിലും കുഴപ്പമില്ല. അനുജൻ റൗൾ കാസ്ട്രോയെ അദ്ദേഹം തന്ത്രപൂർവം പിൻഗാമിയാക്കിയിട്ടുണ്ട്.

എന്നാൽ ജ്യേഷ്ഠന്റെ വഴിയിൽനിന്നു മാറി നടക്കാനാണു റൗളിന്റെ നീക്കം. അദ്ദേഹം നിത്യശത്രു അമേരിക്കയുമായി ഇത്തിരി സൗഹൃദമൊക്കെയാകാം എന്ന പക്ഷക്കാരനാണ്. മതസ്വാതന്ത്ര്യം ജനങ്ങൾ അനുഭവിക്കുന്നതു നല്ലതാണെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. എന്നു മാത്രമല്ല മതപരമായ കർമങ്ങളിൽ ഭാര്യാസമേതം പങ്കെടുക്കാൻ അദ്ദേഹം സമയം കണ്ടെത്താറുമുണ്ട്.



ഹവാന, ക്യൂബൻ തലസ്ഥാനം

ഇപ്പോൾ ക്യൂബയുടെ ഉറ്റസുഹൃത്തായ വെനസ്വേലയിലെ ഹ്യൂഗോ ഷാവേസിനോടൊപ്പം അമേരിക്കയുമായി പുതിയ ബന്ധം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിലാണ് റൗൾ കാസ്ട്രോയും. ഏറെ താമസിയാതെ ലോകം ഒരു പുതിയ വാർത്ത കേട്ടേക്കും. അമേരിക്കയും ക്യൂബയുമായി നയതന്ത്രബന്ധം പുന:സ്ഥാപിക്കുന്നു.

അതേ, ക്യൂബ ഇന്നും വാർത്തകളിൽ നിറഞ്ഞുനില്ക്കുകയാണ്.



ചരിത്രം തിരുത്താൻ, ഐക്യത്തോടെ : യുഎസ് പ്രസിഡണ്ട് ബറാക് ഒബാമയും വെനസ്വേലൻ പ്രസിഡണ്ട് ഹ്യൂഗോ ഷാവേസും

CYAN MAGENTA YELLOW BLACK

ചരിത്രം

ഡോ. എ.പി.ഇബ്രാഹിംകുഞ്ഞ്

# നായർ പട്ടാളത്തിന്റെ പതനം 2

ടിപ്പുവുമായുള്ള അടുത്ത യുദ്ധം നിലനില്പിനു വേണ്ടിയുള്ള പോരാട്ടമായിരിക്കുമെന്ന് ഇംഗ്ലീഷുകാർക്കറിയാമായിരുന്നു. തിരുവിതാംകൂറിനെ കീഴടക്കുക വഴി ഇംഗ്ലീഷുകാരുടെ ദക്ഷിണ ഭാഗത്തുള്ള ശക്തി നശിപ്പിക്കാനും അതോടെ കർണാടകയിലെ ചില രാജ്യങ്ങളുടെ പതനമുറപ്പാക്കാനും ടിപ്പു ശ്രമിച്ചു. അതുകൊണ്ട് ഇംഗ്ലീഷുകാർ അവർ സംഭരിച്ചു വച്ച മുഴുവൻ ആയുധങ്ങളും യുദ്ധത്തിൽ പ്രയോഗിക്കാനും ടിപ്പുവിനെതിരായി വ്യക്തിപരമായ അധിക്ഷേപങ്ങൾ പോലും പറഞ്ഞുപരത്താനും തുനിഞ്ഞു. ടിപ്പുവിനെ ജനമധ്യത്തിൽ അപമാനിക്കുകയും മൈസൂർ ഭരണത്തിനെതിരായി ജനരോഷം ഇളക്കിവിടുകയുമായിരുന്നു ലക്ഷ്യം.

മലബാറിലെ സാമൂഹ്യ അസ്വസ്ഥതയുടെ മറ്റൊരു പ്രധാന കാരണം ബ്രാഹ്മണ, നായർ സമുദായങ്ങളുടെ മേലുള്ള ആരോപണങ്ങളായിരുന്നു. കേരളത്തിലെ ബ്രാഹ്മണ സമൂഹം ജന്മിമാരുടെ ആദരവർഹിക്കുന്നവരും ക്ഷേത്രങ്ങളുടെ അധികാരികളുമായിരുന്നു. നമ്പൂതിരിമാരോടുള്ള സമൂഹത്തിന്റെ പരമ്പരാഗതമായ ഭക്തിമൂലം ക്ഷേത്രവസ്തുക്കൾ ദുർവിനിയോഗം ചെയ്ത് നൂറ്റാണ്ടുകളായി അവർ കണക്കില്ലാത്ത സമ്പത്ത് ആർജിച്ചിരുന്നു.

ഏറ്റവും വലിയ ഭൂവുടമകളായ നമ്പൂതിരി വിഭാഗമാണ് ടിപ്പുവിന്റെ കീഴടക്കലും തുടർന്നുള്ള നടപടികളും മൂലം കൂടുതൽ ക്ലേശിക്കേണ്ടിവന്നത്. ഭൂനികുതി ഏർപ്പെടുത്തിയത് നമ്പൂതിരിമാരെ സാമ്പത്തികമായി തളർത്തി. കാണക്കാരായിരുന്നു ജന്മിക്ക് പാട്ടം കൊടുത്തിരുന്നത്. അത് വാടകയായി ഗവൺമെണ്ടു പ്രഖ്യാപിച്ചു. ടിപ്പുവിന്റെ ആക്രമണം സൃഷ്ടിച്ച ഭയം മൂലം അവരിൽ പലരും നാടുവിട്ടു. ഗവൺമെണ്ട് ഓഫീസുകളിൽ പോകാതെ മാറിനിന്നവർ തങ്ങളുടെ വർഗനിയമങ്ങൾക്കു കോട്ടം തട്ടുമെന്നു ഭയപ്പെട്ട് അതിൽ ഉറച്ചുനിന്നു.

**ഏറ്റവും വലിയ ഭൂവുടമകളായ നമ്പൂതിരി വിഭാഗമാണ് ടിപ്പുവിന്റെ കീഴടക്കലും തുടർന്നുള്ള നടപടികളും മൂലം കൂടുതൽ ക്ലേശിക്കേണ്ടിവന്നത്. ഭൂനികുതി ഏർപ്പെടുത്തിയത് നമ്പൂതിരിമാരെ സാമ്പത്തികമായി തളർത്തി. കാണക്കാരായിരുന്നു ജന്മിക്ക് പാട്ടം കൊടുത്തിരുന്നത്. അത് വാടകയായി ഗവൺമെണ്ടു പ്രഖ്യാപിച്ചു. ടിപ്പുവിന്റെ ആക്രമണം സൃഷ്ടിച്ച ഭയം മൂലം അവരിൽ പലരും നാടുവിട്ടു. ഗവൺമെണ്ട് ഓഫീസുകളിൽ പോകാതെ മാറിനിന്നവർ തങ്ങളുടെ വർഗനിയമങ്ങൾക്കു കോട്ടം തട്ടുമെന്നു ഭയപ്പെട്ട് അതിൽ ഉറച്ചുനിന്നു.**

ടിപ്പുവിന്റെ കീഴിൽ ചിറയ്ക്കലിൽ കളക്ടറായിരുന്ന ഊഡട്ടുറോ ജോയിന്റ് കമ്മീഷണർമാരുടെ മുമ്പിൽ തെളിവുകൊടുത്തതു ശ്രദ്ധിക്കുക, "964/1799–89ൽ എല്ലാ ജന്മികളും ഓടിക്കളയുകയും അർഷദബഡ് ഖാന്റെ കാലത്ത് അവർ ശ്രദ്ധിക്കാതിരിക്കുകയും ചെയ്തു. അതിന്റെ കാരണം അവർ പ്രധാന ജന്മിമാരായ നമ്പൂതിരിമാരായിരുന്നതാണ്. അവർ തിരിച്ചുവന്നുമില്ല".

തുടർന്ന് കർഷകരുമായി തീർപ്പുണ്ടാക്കുക അല്ലാതെ ഗവൺമെണ്ടിന് മറ്റു മാർഗമൊന്നുമില്ലായിരുന്നു. പാട്ടത്തിൽ വരുത്തിയ കുറവുമൂലം ഗവൺമെണ്ടിന്റെ വരുമാനത്തിലും കുറവ് വരുത്തി. അത് അവരെ വല്ലാതെ ബാധിച്ചു. ഭൂനികുതി എന്ന് കേട്ടിട്ടില്ലാത്ത കേരളത്തിൽ പാട്ടം കുറവ് ചെയ്തത്, ബ്രാഹ്മണ ഭൂമിക്ക് ഒരുതരം നികുതിയും ഇല്ലാതാക്കാൻ കാരണമാവുകയാണുണ്ടായത്.

ടിപ്പുവിന്റെ അധിനിവേശം പ്രതികൂലമായി ബാധിച്ച മറ്റൊരു വിഭാഗം നായർ സമുദായമായിരുന്നു. അതേപ്പറ്റി കെ.എം. പണിക്കർ പറയുന്നു, "നായന്മാരാണ് ഏറ്റവും കൂടുതൽ സഹിക്കേണ്ടിവന്നത്. ഹൈദർ കേരളത്തിൽ വന്നപ്പോൾ നായന്മാർ അപ്രത്യക്ഷരായിക്കഴിഞ്ഞിരുന്നു. ആ കാലഘട്ടത്തിനുശേഷം അവരുടെ സാമൂഹ്യ പ്രാധാന്യം ഒരു പിരിധിവരെ വീണ്ടെടുക്കാൻ കഴിഞ്ഞെങ്കിലും അവരിൽ നിക്ഷിപ്തമായിരുന്ന അധികാരം മൈസൂറിന്റെ ആക്രമണത്തോടെ ഇല്ലാതായി.

**രാജകുടുംബാംഗങ്ങളുടെയും പ്രമുഖരുടെയും ഭരണത്തിലുള്ള സ്വാധീനം നഷ്ടമായതോടെ നായന്മാർക്ക് അതുവരെ ലഭിച്ചുവന്ന പരിഗണനകൾ ഇല്ലാതായി. ഗവൺമെണ്ടു സർവീസിലുള്ള ജോലിയെയും ആയുധപ്രയോഗത്തെയും അവർ അവജ്ഞയോടെ വീക്ഷിച്ചു. തുടർന്ന് നായന്മാരിൽ തൊഴിലില്ലായ്മ വർധിക്കുകയും അത് ഒരു സാമൂഹ്യപ്രശ്നമായി മാറുകയും ചെയ്തു. നായന്മാർ സംഘടിപ്പിച്ച ലഹളകൾ ടിപ്പുവിന്റെ ഗവൺമെണ്ട് ശക്തമായി അടിച്ചമർത്തി.**

രാജകുടുംബാംഗങ്ങളുടെയും പ്രമുഖരുടെയും ഭരണത്തിലുള്ള സ്വാധീനം നഷ്ടമായതോടെ നായന്മാർക്ക് അതുവരെ ലഭിച്ചുവന്ന പരിഗണനകൾ ഇല്ലാതായി. ഗവൺമെണ്ടു സർവീസിലുള്ള ജോലിയെയും ആയുധപ്രയോഗത്തെയും അവർ അവജ്ഞയോടെ വീക്ഷിച്ചു. തുടർന്ന് നായന്മാരിൽ തൊഴിലില്ലായ്മ വർധിക്കുകയും അത് ഒരു സാമൂഹ്യപ്രശ്നമായി മാറുകയും ചെയ്തു. നായന്മാർ സംഘടിപ്പിച്ച ലഹളകൾ ടിപ്പുവിന്റെ ഗവൺമെണ്ട് ശക്തമായി അടിച്ചമർത്തി.

ഒരു പട്ടാളനടപടിപോലെയാണ് ഈ ലഹളകളാരംഭിച്ചതെങ്കിലും അത് പൂർണപരാജയമായിരുന്നു. അതോടെ വിപ്ലവകാരികൾ കാട്ടിൽ ഒളിക്കുകയോ അന്യ രാജ്യങ്ങളിൽ അഭയംതേടുകയോ ചെയ്തു. ഈ വിപ്ലവം പരാജയപ്പെട്ടതോടെ മൈസൂർ ഗവൺമെണ്ടിന്റെ ഒരു പ്രോവിൻസായി മലബാറിനെ നിലനിർത്താൻ തീരുമാനിച്ചു.

സ്പാർട്ടൻ രീതിയിൽ നായന്മാർ ആയുധപരിശീലനം നടത്തിയിരുന്നെങ്കിലും യൂറോപ്യൻ രീതിയിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള മൈസൂർ കാലാൾപ്പടയോടും കുതിരപ്പട്ടാളത്തോടും ആയുധത്തോടും കിടപിടിക്കാൻ അവർക്കായില്ല. പട്ടാളത്തോട് ഏറ്റുമുട്ടാൻ പറ്റുന്ന പരിശീലനമായിരുന്നില്ല നായർ പട്ടാളത്തിനു ലഭിച്ചത്. ആയുധമുള്ള ഒരു ജനമായിരുന്നു അത്. അതിനാൽ ഒന്നാം ഘട്ടത്തിൽ തന്നെ ഭാഗ്യപരീക്ഷണത്തിനു നില്ക്കാതെ തിരിഞ്ഞോടുകയാണു ചെയ്തത്. എന്നിരുന്നാലും ഒന്നാന്തരം ഗറില്ലായുദ്ധമുറകൾക്ക് അവർ പറ്റിയതായിരുന്നു.

മൺസൂൺകാലത്തെ താറുമാറായ റോഡുകളും വെള്ളം നിറഞ്ഞ നിരവധി പുഴകളും രാജ്യത്തിന്റെ ഒരു ഭാഗത്തുനിന്ന് മറ്റൊരു ഭാഗത്ത് വിവരമെത്തിക്കാൻ ബുദ്ധിമുട്ടു സൃഷ്ടിച്ചു. രാജ്യത്തിന്റെ ഈ ഭൂപ്രകൃതി നായന്മാർക്ക് ഗറില്ലായുദ്ധമുറകൾ സംഘടിപ്പിക്കാൻ അനുയോജ്യമായിരുന്നു. മൈസൂർ സൈന്യത്തെ അടിപ്പെടുത്താൻ വേണ്ടി മൈസൂർ പട്ടാളക്യാമ്പുകളിൽ ശക്തമായ ആക്രമണങ്ങളാണ് നായർ പട്ടാളം നടത്തിയത്.

*(തുടരും)*

---

## മദനിയുമായുള്ള ബാന്ധവം

# ഇടതുമുന്നണിക്ക് മതനിരപേക്ഷതയെക്കുറിച്ച് പറയുവാനുള്ള ധാർമികത നഷ്ടമായി

ഡോ.ലിസി ജോസ്



*കേരളാ കോൺഗ്രസ് (എം) വാഴക്കുളം നോർത്ത് മണ്ഡലം കൺവെൻഷൻ മുൻ വനിതാകമ്മീഷൻ അംഗം ഡോ.ലിസി ജോസ് ഉദ്ഘാടനം ചെയ്യുന്നു.*

തീവ്രവാദബന്ധമുണ്ടെന്ന് കേന്ദ്ര ഇന്റലിൻസ് ബ്യൂറോ പോലും ശക്തമായ സംശയം പ്രകടിപ്പിച്ചിരിക്കുന്ന മദനിയുമായി രാഷ്ട്രീയ ബാന്ധവത്തിലേർപ്പെട്ടതു വഴി സിപിഎമ്മിനും ഇടതുമുന്നണിക്കാകമാനവും മതനിരപേക്ഷതയെക്കുറിച്ച് പ്രസംഗിക്കുവാനുള്ള ധാർമികാവകാശം നഷ്ടമായതായി മുൻ വനിതാ കമ്മീഷൻ അംഗം ഡോ.ലിസി ജോസ് പറഞ്ഞു.

നാലോട്ടിനുവേണ്ടി രാജ്യത്തിന്റെ തന്നെ വൻ ഭീഷണിയായി തീർന്നിരിക്കുന്ന തീവ്രവാദത്തിന്റെ കേരളത്തിലെ ചുക്കാൻ പിടിച്ചതെന്നാരോപിക്കപ്പെടുന്ന ഇത്തരം വ്യക്തികളുമായുള്ള രാഷ്ട്രീയ സഖ്യം നമ്മുടെ സമൂഹത്തിന്റെ സുരക്ഷയും സമാധാനവും താറുമാറാക്കുമെന്നും ലിസി ജോസ് കൂട്ടിച്ചേർത്തു.

കേരളാ കോൺഗ്രസ് (എം) വാഴക്കുളം നോർത്ത് മണ്ഡലം കൺവെൻഷനും കുടുംബസംഗമവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ഡോ.ലിസി ജോസ്.

മണ്ഡലം പ്രസിഡണ്ട് ഷംസു എം.കെ.യു അധ്യക്ഷത വഹിച്ചു. കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫ് മുഖ്യപ്രഭാഷണം നടത്തി. നിയോജകമണ്ഡലം പ്രസിഡണ്ട് ഷാജി പടനിലം പാർട്ടി മെമ്പർഷിപ്പ് വിതരണോദ്ഘാടനം നിർവഹിച്ചു.

യോഗത്തിൽ പാർട്ടി നേതാക്കളായ പ്രൊഫ.എം.ടി.കുര്യൻ, ജോയി ജോസഫ്, ഡി.വർഗീസ്, ബിജു മാറാച്ചേരി, പ്രിയേഷ് കെ.മാത്യു, അസീസ് എമ്പാശേരി, എൻ.എം.പ്രസാദ്, ജോൺ പി.തോമസ്, പി.എൻ.ഗോപാലൻ, മോനപ്പൻ വർക്കി, അബ്ദുൾ ഖാദർ എം.എ, മുരളി നെടുമ്പിള്ളി, അസീസ് മാഞ്ഞാലിക്കാട്, സുബൈദ കാസീം, താഹീറ ഷംസു എന്നിവർ പ്രസംഗിച്ചു.

നാരദൻ

# പതിമൂന്നാം പേജ്

# എന്റെ മാതാവേ, എന്തെല്ലാം കാണണം!



എത്ര പ്രാർത്ഥിക്കാത്തവനും ഒരു ഘട്ടം വന്നാൽ പ്രാർത്ഥിച്ചുപോകുമെന്നാണു പറയുന്നത്. ഈ തിരഞ്ഞെടുപ്പു ഘട്ടത്തിൽ ഇന്നോളം പ്രാർത്ഥിക്കാത്ത പലരും പ്രാർത്ഥിച്ചു പോയതായാണ് പിന്നാമ്പുറവാർത്ത.

വിശ്വാസികൾ പണ്ടേ പ്രാർത്ഥനക്കാരാണ്. അവിശ്വാസികൾക്ക് ഇതിനൊന്നും മിനക്കെടാൻ കഴിയില്ലാത്തതുകൊണ്ട് അവർക്കുവേണ്ടി ഈ കൃത്യം ഏറ്റെടുത്തിരിക്കുന്നത് ഭാര്യയും മക്കളും അളിയനും പെങ്ങളും അമ്മായിയമ്മയുമൊക്കെയാണ്. അവർ മുട്ടിപ്പായി പ്രാർത്ഥിക്കുന്നു. എന്തൊരു സൗകര്യം!

എൽഡിഎഫിന് വോട്ടുചെയ്യരുതെന്ന് അച്ചന്മാരും കന്യാസ്ത്രീകളുമൊക്കെ പറഞ്ഞെന്നു വന്നാലും അവർക്കു പേടിയില്ല. കാരണം സ്വർഗസ്ഥനായ പിതാവിലും മാതാവിലുമൊക്കെ നമ്മുടെ മാർക്സിസ്റ്റു ഭാര്യമാർക്കും മക്കൾക്കും നല്ല പിടിയാണ്. അവരെ കുറ്റം പറയുന്നതു ശരിയല്ല.

നിന്റെ വിശ്വാസം നിന്നെ പൊറുപ്പിക്കട്ടെയെന്നാണല്ലോ നമ്മുടെ കർത്താവുതന്നെ പറഞ്ഞിരിക്കുന്നത്. ദൈവത്തെയും പുണ്യവാന്മാരെയുമൊക്കെ ഇതിൽനിന്നു തടയാൻ ആർക്കു കഴിയും?

ഇതൊന്നും നമ്മുടെ ചില പോളിംഗ് ഉദ്യോഗസ്ഥർക്കു മനസ്സിലാവണമെന്നില്ല. കുറവിലങ്ങാടു സെന്റ് മേരീസ് ഗേൾസ് എൽപി സ്കൂളിൽ ബൂത്തു തയ്യാറാക്കാനെത്തിയ ഉദ്യോഗസ്ഥർ നോക്കിയപ്പോഴതാ ഭിത്തിയിൽ മാതാവും പുണ്യവാളന്മാരും താഴോട്ടു നോക്കിയിരിക്കുന്നു. വിശ്വാസികളുടെയും അവിശ്വാസികളുടെയും ചൂണ്ടുവിരൽ വോട്ടിംഗ് മെഷീനിൽ എങ്ങോട്ടു നീങ്ങുന്നുവെന്ന് അവർ കാണില്ലേ?അത്ഭുത പ്രവർത്തകരായ ഇവർ ഒത്തു ചേർന്ന് വല്ല തിരിമറികളും നടത്തിയാലോ? വേണ്ട. അവരിതൊന്നും കാണണ്ട. ഒട്ടും വൈകാതെ തന്നെ അദ്ദേഹം അവരെ മറച്ചുകളഞ്ഞു.

നന്മയും തിന്മയും തിരിച്ചറിയാൻ കഴിവുള്ള മനുഷ്യനെ അങ്ങനെയൊന്നും ശല്യം ചെയ്യുന്നവരല്ല സ്വർഗവാസികളെന്ന് പാവം ഉദ്യോഗസ്ഥർ അറിഞ്ഞില്ല. മാനേജ്മെന്റും വിശ്വാസികളും ചേർന്ന് വേണ്ടപോലെ കാര്യം ബോധ്യപ്പെടുത്തിയപ്പോൾ ക്ഷമയോടെ അദ്ദേഹം മറനീക്കി. അങ്ങനെ മാതാവും വിശുദ്ധരും പുറത്തുവന്നു.

മാതാവിന്റെയും വിശുദ്ധാത്മാക്കളുടെയും ചിത്രം കണ്ടു പെട്ടെന്നു വല്ല മാനസാന്തരവുമുണ്ടായി വോട്ടു ചെയ്യാൻ വന്നയാൾ ചിഹ്നം മാറി വോട്ടു ചെയ്യുമോയെന്ന് നിഷ്ക്കളങ്കനായ ഉദ്യോഗസ്ഥൻ ഭയപ്പെട്ടിരുന്നോ എന്തോ? മാതാവും പിതാവും പുത്രനും പരിശുദ്ധാത്മാവുമെല്ലാം ഇന്നു നമ്മുടെ സിന്ധു ജോയിയുടെ വരെ സുഹൃത്തുക്കളായതുകൊണ്ട് മറ്റാരും ഇക്കാര്യത്തിൽ ഇനിയൊരു പ്രശ്നമുണ്ടാക്കുമെന്നു കരുതാൻ ന്യായമില്ല. ⊙

# കള്ളനും പോലീസും കളിച്ചാൽ



കള്ളനില്ലെങ്കിൽ പോലീസിനെന്തു വില? എല്ലാവർക്കും കള്ളനും പോലീസും ചേർന്ന കളിയാണിഷ്ടം. ഉടുപ്പില്ലെങ്കിൽ രണ്ടു കൂട്ടരെയും തിരിച്ചറിയുക വിഷമം. പോലീസിലും കള്ളന്മാരുണ്ടെന്നാണു പുതിയ വാർത്ത. വെറും കള്ളന്മാരല്ല, ഒന്നാന്തരം ക്രിമിനലുകൾ.

സംസ്ഥാനത്തെ രണ്ടു യുവ ഐപിഎസുകാരടക്കം പോലീസിൽ 850 ക്രിമിനലുകളുണ്ടത്രെ. ഇക്കൂട്ടരുടെ എണ്ണം ദിനംപ്രതി വർധിച്ചു വരികയാണെന്നും റിപ്പോർട്ടുണ്ട്. കൈക്കൂലിക്കാരായ ഇവരിൽനിന്നു മാസപ്പടി പറ്റാൻ രാഷ്ട്രീയ നേതാക്കളും ഇത്തരക്കാർക്കെതിരേയുള്ള വകുപ്പുതല അന്വേഷണം അവസാനിപ്പിക്കാൻ ഉന്നത ഉദ്യോഗസ്ഥരും തയ്യാറായതോടെയാണ് പോലീസിലെ ക്രിമിനലുകളുടെ എണ്ണം വർധിച്ചതെന്നാണു പൊതുനിരീക്ഷണം.

എന്തായാലും കോടിയേരിയുടെ പോലീസിനു കാര്യശേഷിയില്ലെന്നാരും ഇനി പറയില്ല. തമ്മിൽതല്ല്, മോഷണം, കൃത്രിമരേഖ ചമയ്ക്കൽ, സ്ത്രീപീഡനം തുടങ്ങിയവയാണ് ഈ മിടുക്കന്മാരിൽ പലരുടെയും പരിപാടി. ചിന്തയില്ലാത്ത സാധുക്കൾക്ക് ഇതൊക്കെ കേൾക്കുമ്പോൾ വിഷമം തോന്നും.

പക്ഷേ, കാര്യങ്ങളെ നാം വസ്തുനിഷ്ഠമായി പഠിക്കണം. മലയാളം ബിഎ പഠിച്ചവൻ ഇംഗ്ലീഷ് എംഎയ്ക്കു പഠിപ്പിച്ചാൽ ശരിയാവുമോ? ഹിസ്റ്ററിക്കാരൻ മാത്തമാറ്റിക്സ് കൈകാര്യം ചെയ്താൽ എങ്ങനെയിരിക്കും? ബിടെക്കുകാരനാണെന്നു പറഞ്ഞിട്ടെന്തു കാര്യം, അവനു സംസ്കൃതം വല്ലതുമറിയാമോ? അതതു വിഷയത്തിൽ അവഗാഹം നേടിയവൻ വേണം ഓരോന്നും പഠിപ്പിക്കാൻ. അതുകൊണ്ടു കള്ളന്മാരെയും ക്രിമിനലുകളെയും മറ്റും നിത്യവും കൈകാര്യം ചെയ്യേണ്ട സാറന്മാർ അല്പം കള്ളത്തരവും തെണ്ടിത്തരവുമൊക്കെ വശമാക്കിയിരിക്കേണ്ടേ? ക്രിമിനലിനല്ലേ ക്രിമിനലിനെ തിരിച്ചറിയാൻ കഴിയൂ?

അതുകൊണ്ടു മനസ്സിലാക്കിക്കൊള്ളുക: വിഷയം പഠിച്ച പോലീസാണു നമുക്കുള്ളത്. കള്ളന്മാർ, കൊള്ളക്കാർ, കുറ്റവാളികൾ തുടങ്ങിയ വർഗങ്ങളെ പൂർണമായും ഉന്മൂലനം ചെയ്യുകയാണ് അവരുടെ ലക്ഷ്യം. എല്ലാംകൂടി ചെയ്യാൻ കഴിവുള്ള ഒറ്റവർഗമായി നമ്മുടെ പോലീസ് സേന ഉയരുന്നതോടുകൂടി നമ്മുടെ ക്രമസമാധാനത്തിന്റെ പണി എളുപ്പം തീരുകയും കേരളം ഒരു നിലയിൽ എത്തിച്ചേരുകയും ചെയ്യും. ജയ്ജയ് കേരള സർക്കാർ! ജയ് ജയ് കോടിയേരി ബാലകൃഷ്ണൻ! ✖

# മൊഴിയും മറുമൊഴിയും

ചാണക്യൻ

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനായി നിയോഗിച്ച സ്പെഷ്യൽ പോലീസിൽ ഗുണ്ടകളും സാമൂഹികവിരുദ്ധരും കടന്നുകൂടി.

*– പത്രറിപ്പോർട്ട്*

➢ **പോലീസേമാന്മാരെ അടുത്തറിയാവുന്നവരു വേണമല്ലോ സ്പെഷൽ പോലീസാകാൻ.**

* * * * *

പന്ത്രണ്ടോ അതിലധികമോ സീറ്റുകൾ ഇടതു മുന്നണിക്കു നേടാനായാൽ സിപിഎമ്മിലെ പല പ്രമുഖരുടെയും തല ഉരുളും.

*– പത്രറിപ്പോർട്ട്*

➢ **ഉരുണ്ട തലയുള്ളവർ പ്രത്യേകം സൂക്ഷിക്കുക.**

* * * * *

ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങൾ വന്നാൽ പ്രധാനമന്ത്രിപദം ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുമെന്നു സിപഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്.

➢ **ഗതിയില്ലാത്തവനും കൊതിയുണ്ടെന്ന് എന്റെ മക്കളറിയണം.**

* * * * *

ജനതാദൾമന്ത്രിയെ സിപിഎം സംസ്ഥാന സെക്രട്ടറിയല്ല തീരുമാനിക്കേണ്ടതെന്നു മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ.

➢ **ജനതാദളിന്റെ പുതിയ മന്ത്രി ജോസ് തെറ്റയിൽ എന്നു കേട്ടതേ എവിടെയോ ഒരു 'തെറ്റൽ' അനുഭവപ്പെട്ടിരുന്നു.**

* * * * *

കേരളത്തിൽ സഖാവ് എസ്ഐമാരും ലാൽസലാം പോലീസുമെന്നു പി.സി.ജോർജ്.

➢ **ഇങ്ക്വിലാബു കള്ളന്മാരും കൂടിയായാൽ പൂർത്തിയായി.**

* * * * *

പാർട്ടിയുമായി ബന്ധമുള്ള ആരും സിനിമാ സെറ്റുകളിൽ നടത്തുന്ന സമരത്തിൽ പങ്കെടുക്കരുതെന്നു സിപിഐ സംസ്ഥാന നേതൃത്വം ജില്ലാ കമ്മിറ്റികൾക്കു നിർദേശം നല്കി.

*– പത്രവാർത്ത*

➢ **അല്ലെങ്കിലും സിപിഐകാർക്കു പറ്റിയ പണി 'നാടകം' കളിയാണ്.**

* * * * *

സർക്കാർ നിശ്ചയിച്ചിട്ടുള്ള കൂലിക്കു മരുന്നിറക്കാൻ തയ്യാറല്ലെങ്കിൽ ലോറിയിൽനിന്നു സ്വയം മരുന്നിറക്കുമെന്നു ശഠിച്ച ഡോക്ടർക്കു മുന്നിൽ യൂണിയനുകൾ മുട്ടുമടക്കി.

*– പത്രവാർത്ത*

➢ **എല്ലാം മരുന്നാണെന്നു പറഞ്ഞാലും, ചില ഡോക്ടർമാരുടെ ചികിത്സ വേഗം ഫലിക്കും.**

* * * * *

കേരളത്തിൽ സിപിഐക്കു സീറ്റുകിട്ടില്ലെന്നു ഐബി റിപ്പോർട്ട്.

➢ **വീഴാതെ കമ്പിയേൽ പിടിച്ചു നില്ക്കുക തന്നെ!**

* * * * *

കോട്ടയം ലോക്സഭാമണ്ഡലത്തിലെ വോട്ടുകൾ സംബന്ധിച്ച് മൂന്ന് മുന്നണിയും കൂട്ടിക്കിഴിച്ചിലുകൾ തുടങ്ങി.

*– പത്രറിപ്പോർട്ട്*

➢ **തെരഞ്ഞെടുപ്പുകാലത്തു കരച്ചിലിനും പിഴിച്ചിലിനും മുന്നോടിയായി കേരളത്തിൽ സാർവത്രികമായി കണ്ടുവരുന്ന ഒരാചാരമാണ് ഈ കിഴിച്ചിൽ.**

* * * * *

CYAN MAGENTA YELLOW BLACK

ജർമൻഡയറി

ജോർജ് കുറ്റിക്കാട്ട്

# യുവ നാസ്സികൾ ജർമൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളി

വൈറസ് മൂലം സാംക്രമിക രോഗിയാകുന്നതു രാഷ്ട്രീയത്തിലും സാധാരണം. ഇത്തരം വൈറസ് രോഗങ്ങൾ പിടിപെട്ടാൽ അതിനെ ധ്രുതഗതിയിൽ പുറംതള്ളുക അത്ര എളുപ്പമല്ല. ലോകത്തിലെ എല്ലാ ഭരണകൂടങ്ങളും വളരെ ജാഗ്രതയോടെ നിരീക്ഷിക്കുന്നുമുണ്ട്, ഇത്തരം പ്രതീക്ഷിക്കാത്ത അതിഥികളെയും ആപത്തുക്കളെയും ഒഴിവാക്കുവാൻ.

പൈശാചികമായ ഇത്തരം ഭീകരസംഭവങ്ങളിലെ ഏറ്റവും കുപ്രസിദ്ധമായ ഒരു ഉദാഹരണമാണ് അഡോൾഫ് ഹിറ്റ്ലറുടേത്. അദ്ദേഹം അധികാരത്തിലെത്തിയ നാൾ മുതൽ ജർമനിയിൽ അതിഭീകര രാഷ്ട്രീയ വൈറസ് ബാധിച്ചു തുടങ്ങിയിരുന്നു.

"മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു. പക്ഷേ, എവിടെയും അവൻ ചങ്ങലക്കെട്ടിലാണ്"-റൂസ്സോ ഇങ്ങനെ പറഞ്ഞു. 1930 കളിൽ എവിടെയും രൂക്ഷമായിരുന്ന തൊഴില്ലില്ലായ്മ പ്രശ്നം ജർമനിയെയും ബാധിച്ചിരുന്നു. ജർമനിയിലെ തൊഴിലില്ലായ്മയും വികസന പദ്ധതികളിലെ പാളിച്ചകളും അന്നത്തെ സാമൂഹ്യ, രാഷ്ട്രീയ ബലഹീനതകളും മനസ്സിലാക്കിയ അഡോൾഫ് ഹിറ്റ്ലർ ഇവ കൈമുതലാക്കി കൃത്യമായ ലക്ഷ്യം ഉന്നംവച്ചുകൊണ്ടുതന്നെ, ജർമൻ ജനതയെ തന്റെ കാൽച്ചുവട്ടിൽ ഒതുക്കി നിർത്തി. തുടക്കത്തിൽ ആർക്കും സംശയമുണ്ടായില്ല.

ഹിറ്റ്ലറിന്റെ നേതൃത്വത്തിൽ നാഷണൽ സോഷ്യലിസ്റ്റ് പാർട്ടിയുടെയും അതിന്റെ യൂത്ത് സംഘടനയുടെയും വളർച്ചയുടെ അവസാനഘട്ടത്തിലാണ്, ഹിറ്റ്ലർ നടത്തിയ കൂട്ടക്കൊലയുടെ ഭീകരവിവരം ലോകം അറിഞ്ഞത്. കോൺസെൻട്രേഷൻ ക്യാമ്പുകളിലെ ഗ്യാസ് മുറികളിലും രഹസ്യ കേന്ദ്രങ്ങളിലും ലക്ഷോപക്ഷം യഹൂദരെ മൃഗീയമായി കൊന്നൊടുക്കി. ഇത് ചരിത്രത്തിലെ തന്നെ ഏറ്റവും നിഷ്ഠൂരമായ സംഭവമാണ്.

എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ജർമനിയിൽ ജനാധിപത്യഭരണ സമ്പ്രദായം രൂപംകൊണ്ടെങ്കിലും ഇന്നും അഡോൾഫ് ഹിറ്റ്ലറെ മനസ്സിൽ ആരാധിക്കുന്ന ഒരു സമൂഹമുണ്ട്. ഇതൊന്നും



*അനുയായികളെ അഭിവാദ്യം ചെയ്യുന്ന ഹിറ്റ്ലർ*

തികച്ചും അപ്രതീക്ഷിത കാര്യമല്ല. ഹിറ്റ്ലർ എന്നെന്നേക്കുമായി ചരിത്രത്തിലെ ഭീകര ലിസ്റ്റിൽ എഴുതപ്പെട്ടിരിക്കുന്നുവെങ്കിലും, പുറംതള്ളാൻ സാധിക്കാത്ത വൈറസ് പോലെ ജർമനിയിലും യൂറോപ്പിലുമുള്ള ഒരു വിഭാഗത്തിന്റെ ഹൃദയത്തിൽ ഇന്നും ആ സ്വാധീനം വേരൂന്നി നില്പുണ്ട്. ഇതിനു തെളിവാണ്, ഇക്കഴിഞ്ഞ നാളുകളിൽ ജർമൻ പൊതുവേദിയിൽ ഏറെ ചർച്ചചെയ്യപ്പെട്ട എച്ച്ഡിജെ എന്നറിയപ്പെടുന്ന എൻപിഡി പാർട്ടിയുടെ യുവജന സംഘടന. ഹിറ്റ്ലർ യൂത്തിന്റെ നവീനരൂപം.

ജർമനിയുടെ ആഭ്യന്തരമന്ത്രി വോൾഫ്ഗാങ് ഷോയ്ബ്ലെ ഇക്കഴിഞ്ഞ മാർച്ച് 31-ാംതീയതി ജർമനിയിൽ പ്രവർത്തിച്ചിരുന്ന വലതുപക്ഷ തീവ്രവാദി സംഘടനയായ ജർമൻ സ്വദേശാഭിമാനി സംഘടന എച്ച്ഡിജെയെ നിരോധിച്ച് ഉത്തരവിട്ടു. ശക്തമായ ഈ തീരുമാനംകൊണ്ട് ഈ സംഘടനയുടെ നിഷിദ്ധമായ പ്രവർത്തനത്തിന് ഒരവസാനം വരുത്തിയെന്ന് കരുതുന്നുവെന്നാണ് കഴിഞ്ഞ ദിവസം നിരോധനം പ്രഖ്യാപിച്ച ശേഷം മാധ്യമങ്ങളോട് അദ്ദേഹം പ്രതികരിച്ചത്. അദ്ദേഹം ഇങ്ങനെ തുടർന്നു, 'നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും ഇത്തരം എലിപിടുത്തക്കാരിൽ നിന്നും രക്ഷിക്കുന്നതിന് എല്ലാ നടപടികളും ചെയ്യുന്നതാണ്'.

നിരോധനം പ്രഖ്യാപിച്ച് നിമിഷങ്ങൾക്കകം തന്നെ ബർലിൻ, ബ്രാൻഡൻബർഗ്, നീഡർ ഡാക്സൺ, സക്സൺ തുടങ്ങിയ പ്രദേശങ്ങളിലെ സംഘടനാനേതാക്കളുടെ വീടുകളും ഓഫീസുകളും പോലീസ് റെ



*ജർമൻ ആഭ്യന്തരമന്ത്രി വോൾഫ്ഗാങ് ഷോയ്ബ്ലെ*

യ്ഡ് ചെയ്തു. സംഘടനയുടെ മുഴുവൻ സ്വത്തുക്കളും ഗവൺമെന്റ് മരവിപ്പിച്ചു. എച്ച്ഡിജെയുടെ നിരോധനം ജർമനിയിലെ വലതുപക്ഷ തീവ്രവാദി രാഷ്ട്രീയ പാർട്ടിയായ എൻപിഡിയുടെ നിരോധനത്തിനു വഴി തെളിച്ചേക്കാനിടയുള്ള ചർച്ചകളും വാഗ്വാദങ്ങളും പാർലമെണ്ടിൽ ഒട്ടും വൈകാതെയുണ്ടായേക്കാമെന്ന് രാഷ്ട്രീയ വൃത്തങ്ങളിൽ ശക്തമായ സംസാരമുണ്ട്. എന്തായാലും ജർമനിയിലെ നാസ്സിഭക്തർക്കു ഏറ്റവും കനത്ത പ്രഹരമാണ് യുവജനസംഘടനയുടെ നിരോധന ഉത്തരവ്.

1990ലാണ് യുവജനസംഘടനയെന്ന പേരിൽ ഔദ്യോഗികമായി എച്ച്ഡിജെയുടെ സംഘടന രജിസ്റ്റർ ചെയ്യപ്പെടുന്നത്. യുവജനസേവനം എന്നതായിരുന്നു രജിസ്ട്രേഷൻ സമയത്ത് സംഘടനയുടെ ലക്ഷ്യമായി വെളിപ്പെടുത്തിയത്. ആഭ്യന്തര മന്ത്രാലയം, ഇതൊരു മൂടുപടം മാത്രമായിരുന്നെന്ന് അറിയുന്നത് ഏറെ വൈകിയാണത്രേ. നവീന നാസ്സികളുടെ ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്നതായിരുന്നു യഥാർത്ഥത്തിൽ ഇവരുടെ ലക്ഷ്യമെന്നാണ് ആഭ്യന്തര മന്ത്രാലയം ഇപ്പോൾ ആരോപിക്കുന്നത്.

പ്രത്യേകമായ ചില ട്രെയിനിംഗ് ക്യാമ്പുകളിൽ, പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളെ പോലും പങ്കെടുപ്പിച്ച് വംശീയവിദ്വേഷം കുത്തിവയ്ക്കുന്ന ക്ലാസ്സുകൾ നല്കി. വർഗസങ്കരമില്ലാത്ത ഒരു ജർമൻ ജനതയുടെ തുടർച്ചയുണ്ടാക്കണമെന്നാണ് കുട്ടികളെ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിച്ചത്. വിദേശികളും യഹൂദരും ജർമൻകാർക്ക് ശത്രുക്കളാണെന്നും പ്രചരിപ്പിച്ചു. ഇത്തരം ക്യാമ്പുകളിൽ റോസ്റ്റോക്ക്, എഷേഡേ തുടങ്ങിയ സ്ഥലങ്ങളിൽ അനവധി കുട്ടികളും യുവാക്കളും സംബന്ധിച്ചതായി തെളിഞ്ഞിട്ടുണ്ട്.

രണ്ടാം ലോകമഹായുദ്ധത്തിനുള്ള ഒരുക്കം നടക്കുമ്പോഴും യുദ്ധത്തിന്റെ യഥാർത്ഥരൂപം പുറത്തായപ്പോഴും വിദേശികളെയും യഹൂദരെയും പ്രതിപക്ഷ രാഷ്ട്രീയ പാർട്ടി പ്രവർത്തകരെയും തെരഞ്ഞുപിടിച്ച് കൊലപ്പെടുത്തിക്കൊണ്ടിരുന്നത് ആദ്യകാലങ്ങളിൽ ഊഹാപോഹങ്ങളിൽ മാത്രം ഒതുങ്ങി. ഭാഗ്യവശാൽ ആൽബെർട്ട് ഐൻസ്റ്റീൻ അമേരിക്കയിലേക്കും, അന്നത്തെ സോഷ്യൽ ഡമോക്രാറ്റിക് പാർട്ടിയുടെ നേതാവും പില്ക്കാല ജർമൻ ചാൻസലറുമായ വില്ലി ബ്രാൻഡ് ചെക്കോസ്ലാവിയയിലേക്കും പലായനം ചെയ്തു. അവിടെ അഭയാർത്ഥികളായി. രണ്ടു ലോകമഹായുദ്ധങ്ങളുടെ കെടുതികൾ നേരിട്ടനുഭവിച്ച ജർമൻ ജനതയും ജനാധിപത്യ വ്യവസ്ഥയിലുറച്ച സർക്കാരും ഇപ്പോഴുള്ള സ്ഥിതിവിശേഷവും അതിലുള്ള ആപത്തും ശരിക്കും തിരിച്ചറിയുന്നുണ്ട്.

>> 16

**രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ജർമനിയിൽ ജനാധിപത്യഭരണ സമ്പ്രദായം രൂപംകൊണ്ടെങ്കിലും ഇന്നും അഡോൾഫ് ഹിറ്റ്ലറെ മനസ്സിൽ ആരാധിക്കുന്ന ഒരു സമൂഹമുണ്ട്. ഇതൊന്നും തികച്ചും അപ്രതീക്ഷിത കാര്യമല്ല. ഹിറ്റ്ലർ എന്നെന്നേക്കുമായി ചരിത്രത്തിലെ ഭീകര ലിസ്റ്റിൽ എഴുതപ്പെട്ടിരിക്കുന്നുവെങ്കിലും, പുറംതള്ളാൻ സാധിക്കാത്ത വൈറസ് പോലെ ജർമനിയിലും യൂറോപ്പിലുമുള്ള ഒരു വിഭാഗത്തിന്റെ ഹൃദയത്തിൽ ഇന്നും ആ സ്വാധീനം വേരൂന്നി നില്പുണ്ട്. ഇതിനു തെളിവാണ് ഇക്കഴിഞ്ഞ നാളുകളിൽ ജർമൻ പൊതുവേദിയിൽ ഏറെ ചർച്ചചെയ്യപ്പെട്ട എച്ച്ഡിജെ എന്നറിയപ്പെടുന്ന എൻപിഡി പാർട്ടിയുടെ യുവജന സംഘടന. ഹിറ്റ്ലർ യൂത്തിന്റെ നവീനരൂപം.**

അനുസ്മരണം

പ്രിൻസ് രാജ്

# ശ്രീനിവാസ രാമാനുജൻ (1887–1920)

'രാമാനുജനു നല്കുവാൻ കഴിഞ്ഞതിൽ കൂടുതൽ അറിവ് രാമാനുജനിൽ നിന്ന് നേടുവാൻ എനിക്കു കഴിഞ്ഞു' - ലോകം കണ്ടതിൽവെച്ചേറ്റവും വിഖ്യാതനായ ഗണിതശാസ്ത്രജ്ഞനായിരുന്ന ജി. എച്ച്.ഹാർഡി, തന്റെ ശിഷ്യനും ഗവേഷണ പങ്കാളിയുമായ ശ്രീനിവാസ രാമാനുജനെക്കുറിച്ച് പറഞ്ഞ വാക്കുകളാണിവ. ഈ ഒരൊറ്റ വാചകം മതി, ഭാരതത്തിന്റെ അഭിമാന ചിഹ്നമായി ഇന്നും ഉയർന്നുനില്ക്കുന്ന ശ്രീനിവാസ രാമാനുജൻ എന്ന ആ ഗണിതശാസ്ത്രജ്ഞാനിയുടെ മഹത്വം മനസ്സിലാക്കാൻ.

സാമ്പത്തികമായും സാമൂഹ്യമായും തികച്ചും പ്രതികൂലസാഹചര്യത്തിൽ ജനിച്ച രാമാനുജൻ, വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടി നിയോഗിക്കപ്പെട്ട ഒരു ജന്മമായിരുന്നു.

തമിഴ്നാട്ടിലെ ഈറോഡിൽ 1887 ഡിസംബർ 22ന് ശ്രീനിവാസ അയ്യങ്കാർ, കോമളത്തമ്മാൾ എന്നിവരുടെ ആറുമക്കളിൽ മൂത്തവനായി രാമാനുജൻ ജനിച്ചു. മറ്റുവിഷയങ്ങളിൽ പിന്നോക്കം നിന്ന രാമാനുജൻ, ഗണിതത്തിൽ എന്നും ഒന്നാമനായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം യഥാവിധി വിദ്യാഭ്യാസം നേടുവാൻ കഴിഞ്ഞില്ലെങ്കിലും, പ്രതിഭ ഒന്നുമാത്രം കൈമുതലാക്കി രാമാനുജൻ അധ്യാപകരിൽ പോലും ആശ്ചര്യം ജനിപ്പിച്ചു. കുംഭകോണം ടൗൺ ഹൈസ്കൂളിലെ പഠനത്തിനുശേഷം അവിടെത്തന്നെയുള്ള ഗവൺമെണ്ട് കോളജിൽ ചേർന്നു. ഗണിതത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ച രാമാനുജൻ മറ്റുവിഷയങ്ങളിലെല്ലാം പരാജയപ്പെട്ടു. എന്നാൽ ഇതിനെത്തുടർന്ന് സ്കോളർഷിപ്പ് നഷ്ടമാവുകയും വിദ്യാഭ്യാസം പാതിവഴിയിൽ തടസ്സപ്പെടുകയും ചെയ്തു.



ശ്രീനിവാസ രാമാനുജൻ



ജി.എച്ച്.ഹാർഡി

രണ്ട് വർഷങ്ങൾക്കുശേഷം 1906ൽ രാമാനുജൻ മദ്രാസിലെ പച്ചയ്യപ്പാസ് കോളജിൽ ചേർന്നു. എന്നാൽ പട്ടിണിമൂലം അസുഖം പിടിപെടുകയും ക്ലാസ്സുകളിൽ കയറുവാൻ കഴിയാതാവുകയും ചെയ്തു. ഈ പ്രതിസന്ധിയിലൊന്നും തളരാതെ സ്വയം പാഠഭാഗങ്ങൾ പഠിച്ച രാമാനുജൻ ഗണിതം നിഷ്പ്രയാസം പാസ്സായി. എന്നാൽ മറ്റുവിഷയങ്ങളിലെല്ലാം തോറ്റതിനാൽ സർവകലാശാലാ പ്രവേശനം എന്ന സ്വപ്നം സാധ്യമായില്ല.

രാമാനുജന്റെ പഠനകാര്യങ്ങളിലുള്ള ഈ പരാജയം മാതാപിതാക്കളെ വേദനിപ്പിച്ചു. ആത്മവിശ്വാസം നഷ്ടപ്പെട്ട് തങ്ങളുടെ മകനെ തന്നെ നഷ്ടപ്പെടുമോ എന്ന ചിന്തയിൽ അവർ അതിന് ഒരു പരിഹാരമാർഗവും കണ്ടെത്തി. വിവാഹം. പത്തുവയസ്സുള്ള ജാനകിയെ 1909 ജൂലൈ 14ന് രാമാനുജൻ വിവാഹം കഴിച്ചു. തുടർന്ന് ജോലിക്കുവേണ്ടിയുള്ള അന്വേഷണമായി. 1912 ജനുവരി 12ന് രാമാനുജൻ മദ്രാസ് അക്കൗണ്ട്സ് ജനറൽ ഓഫീസിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് പോർട്ട് ട്രസ്റ്റ് ഓഫീസിലേക്കു മാറി.

രാമാനുജനിലെ ഗണിതശാസ്ത്രപ്രതിഭയെ കണ്ടറിഞ്ഞ പോർട്ട് ട്രസ്റ്റ് ചെയർമാനായിരുന്ന സർ ഫ്രാൻസിസ് സ്പ്രിങ്ങ്, ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണവകുപ്പ് മേധാവിയായിരുന്ന ഡോ.ഗിൽബർട്ട് വാക്കർ എന്നിവർ രാമാനുജന്റെ ഉന്നതവിദ്യാഭ്യാസകാര്യത്തിൽ പ്രത്യേക താത്പര്യമെടുത്തു. ഇതിന്റെ ഫലമായി മദ്രാസ് സർവകലാശാലയിൽ രാമാനുജന് പ്രവേശനം ലഭിച്ചു. രാമാനുജന്റെ തീയറികളും മറ്റും പൂർണമായും മനസ്സിലാക്കുവാൻ കഴിയാതിരുന്ന ഇവരുടെ പ്രേരണയെത്തുടർന്ന് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ഗണിതശാസ്ത്ര പ്രൊഫസറായിരുന്ന ജി.എച്ച്.ഹാർഡിക്ക് രാമാനുജൻ തന്നെ ചില തിസീസുകൾ സഹിതം കത്തയച്ചു. ഇതിൽ അങ്ങേയറ്റം സന്തുഷ്ടനായ ഹാർഡി, രാമാനുജനെ ഇംഗ്ലണ്ടിലേക്കു ക്ഷണിച്ചു. എന്നാൽ കടൽകടക്കുന്നത് നിഷിദ്ധമായി കണ്ട മതത്തിന്റെ മാമൂൽ തടസ്സമായെങ്കിലും മാതാപിതാക്കളുടെ സമ്മതത്തോടെ രാമാനുജൻ ഇംഗ്ലണ്ടിലേക്കു കപ്പൽ കയറി.

1914 ഏപ്രിൽ 14ന് ലണ്ടനിലെത്തിയ രാമാനുജൻ തന്റെ ഗവേഷണങ്ങൾ തുടർന്നു. കേംബ്രിഡ്ജിലെ ഗണിതശാസ്ത്രധ്യാപകരെപ്പോലും അദ്ഭുതപ്പെടുത്തിയ ഗണിതശാസ്ത്ര പ്രതിഭയായ രാമാനുജന് 1916 മാർച്ച് 16ന് ഡോക്ട്രേറ്റിനു തുല്യമായ ബാച്ചിലർ ഓഫ് സയൻസ് ബൈ റിസർച്ച് എന്ന ബിരുദം നല്കി.

എന്നാൽ തികച്ചും യാഥാസ്ഥിതിക ചുറ്റുപാടിൽ നിന്നും വന്ന രാമാനുജന് ഇംഗ്ലണ്ടിലെ സാഹചര്യങ്ങളോട് പൊരുത്തപ്പെടുവാൻ കഴിഞ്ഞില്ല. ശാരീരികമായ വൈഷമ്യങ്ങൾ അദ്ദേഹത്തെ വിടാതെ പിടികൂടി. ഇംഗ്ലണ്ടിലെ ശൈത്യം, രാമാനുജന്റെ ആരോഗ്യം പൂർണമായും ക്ഷയിക്കുന്നതിന് കാരണമായി. രോഗം മൂർച്ഛിച്ചതിനെത്തുടർന്ന് 1914 ഫെബ്രുവരിയിൽ ഇംഗ്ലണ്ടിനോട് വിടപറഞ്ഞ് നാട്ടിലേക്കു മടങ്ങി. നാട്ടിലെത്തിയെങ്കിലും പൂർണമായും രോഗശയ്യയിലായ രാമാനുജൻ, പക്ഷേ നിരന്തരം ഓരോരോ പുതിയ പ്രമേയങ്ങളും കണ്ടെത്തലുകളും ഹാർഡിക്ക് അയച്ചുകൊടുത്തുകൊണ്ടിരുന്നു. 1920 ഏപ്രിൽ 26ന് ആ അതുല്യപ്രതിഭ തന്റെ 37-ാമത്തെ വയസ്സിൽ ഈ ലോകത്തോട് വിടപറഞ്ഞു.

>> 9

## വി.കെ. ശ്രീരാമന്റെ വോട്ടും സാഹിത്യ അക്കാദമി അവാർഡും

**മൂന്നുവർഷങ്ങൾക്കു മുമ്പ് കേരളത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർത്ഥിക്ക് വോട്ടു ചെയ്യണമെന്ന പൊതുപ്രസ്താവന ഇടതുബുദ്ധിജീവികൾ ഇറക്കിയപ്പോൾ വി.കെ.ശ്രീരാമൻ അവരിൽ ഒരാളായിരുന്നു. പ്രസ്താവനയിറക്കി തുടക്കം മുതൽ പിണറായി പക്ഷക്കാരനായി തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് വോട്ടുചെയ്തതുകൊണ്ട് വി.കെ. ശ്രീരാമന് എന്താണ് ഗുണമെന്നറിയാൻ ഏപ്രിൽ 19ലെ പത്രത്തിൽ ഇങ്ങനെ വായിക്കാം, "വി.കെ.ശ്രീരാമന്റെ ലേഖനങ്ങൾ എന്ന പുസ്തകത്തിന് കേരള സാഹിത്യ അക്കാദമിയുടെ സി.ബി.കുമാർ എൻഡോവ്മെന്റ് അവാർഡ് ലഭിച്ചിരിക്കുന്നു."**

മൂന്നാംമുന്നണിയെപ്പറ്റി വിചാരിക്കുന്ന ശ്രീരാമൻ പറയുന്നു, "എങ്കിലും വേദനയും ദു:ഖവുമില്ലാത്ത സ്വച്ഛമായ ഒരു ലോകം എന്റെ സ്വപ്നമായിരുന്നു." ശ്രീരാമന്റെ സ്വപ്നങ്ങളെ പ്രാരംഭദശയിൽ തന്നെ തച്ചുടയ്ക്കാൻ താറുംപാച്ചി നില്ക്കുന്ന രാഷ്ട്രീയ കക്ഷികളാൽ നിബിഡമാണ് മൂന്നാം മുന്നണി. ഇന്ത്യൻ സൗന്ദര്യകലയുടെ പ്രകടോദാഹരണമായി ലോകമെങ്ങും കീർത്തികൊണ്ട താജ്മഹൽ സ്വകാര്യവത്ക്കരിച്ച് ഇടനാഴി പണിയാനുള്ള ശ്രമം നടത്തിയ കേസിൽ സിബിഐയുടെ കുറ്റപത്രത്തിൽ ഒന്നാം പ്രതിയായ മായാവതിയും ലാവ്ലിൻ കേസിൽ പിണറായി വിജയനെപ്പോലെ തമിഴ്നാട്ടിൽ മുഖ്യമന്ത്രിയായിരിക്കെ അന്നാട്ടിലെ പാവപ്പെട്ടവരുടെ ദു:ഖത്തെക്കാളും ദുരിതത്തെക്കാളും വലുത് തന്റെ പാദരക്ഷകളാണെന്ന് ലോകത്തെ ബോധ്യപ്പെടുത്തി, ലോകത്തിലെ ഏറ്റവും വിലകൂടിയ പാദരക്ഷകളുടെ ഉടമയായ ജയലളിതയും ഒറീസയിലെ ന്യൂനപക്ഷങ്ങൾ നിരാശ്രയരായി തീർന്നപ്പോൾ നിർവികാരതയെന്ന വസ്ത്രമണിഞ്ഞ് കേന്ദ്രഗവൺമെണ്ടിന്റെ താക്കീതിൽ മാത്രം ഭരണപരമായ നടപടികൾ സ്വീകരിച്ച് അക്രമകാരികൾക്ക് സുരക്ഷിതബോധം പകർന്നു നല്കിയ നവീൻ പട്നായിക്കും കർണാടകയുടെ അപ്പുറത്തേക്ക് രാജ്യത്തെയോ ലോകത്തെയോ കാണാൻ കഴിയാതെയിരുന്ന ദേവഗൗഡയും ഇടതുകക്ഷികളും ആന്ധ്രയെന്ന സങ്കുചിതമായ ആശയത്തെ ആവിഷ്ക്കരിക്കുന്ന ചന്ദ്രബാബുവിന്റെ ടിഡിപിയും അതിൽതന്നെ ആന്ധ്രയെ തള്ളിപ്പറയുന്ന, തെലുങ്കാന ദേശത്തിനുവേണ്ടി മാത്രം വാദിക്കുന്ന ചന്ദ്രശേഖർ റാവുവിന്റെ തെലുങ്കാന രാഷ്ട്രീയ സമിതിയും ചേർന്ന് നയിക്കുന്ന മൂന്നാംമുന്നണിയിൽനിന്ന് ശ്രീരാമന്റെ സ്വപ്നങ്ങൾക്ക് എങ്ങനെ പൂർത്തീകരണമുണ്ടാകും?

ലേഖനത്തിന്റെ അവസാനഭാഗത്ത് എത്തുമ്പോൾ ശ്രീരാമന്റെ വിമർശനം പുറത്തുവരുന്നു. "ജനാധിപത്യ സംവിധാനത്തിൽ എങ്ങനെയാണ് കുടുംബാധിപത്യം സാധൂകരിക്കപ്പെടുക എന്ന ചോദ്യത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നു കോൺഗ്രസ്". ശ്രീരാമൻ പുച്ഛത്തോടെ കാണുന്ന ഈ കുടുംബത്തിൽനിന്ന് രാജ്യത്തിന്റെ നിലനില്പ്പിനായി ഇന്ദിരാഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും രക്തസാക്ഷിത്വമുണ്ട്. പുന്നപ്രയിലും വയലാറിലും നടന്നതുപോലെ ആയുധധാരികളായ പട്ടാളക്കാരുടെ മുന്നിലേക്ക് തള്ളിവിട്ട് നിരക്ഷരരും പട്ടിണിക്കാരുമായ തൊഴിലാളികളെ കൊന്നൊടുക്കിയതും ഇതിന് ബുദ്ധി ഉപദേശിച്ചുകൊടുത്തതിനുശേഷം കാതങ്ങൾക്കകലെ നമ്പൂതിരി യോഗക്ഷേമ സഭയിൽ പങ്കെടുത്തതുമായ പാരമ്പര്യം ശ്രീരാമൻ മുമ്പേ പറഞ്ഞ കോൺഗ്രസിന്റേതല്ലെന്നോർമിക്കുക. പോളിറ്റ് ബ്യൂറോയിൽ ആദ്യമായെത്തിയ വനിത, ജനറൽ സെക്രട്ടറി കാരാട്ട് സഖാവിന്റെ ഭാര്യയാണെന്നതും കമ്യൂണിസ്റ്റുകാർ ഊറ്റംകൊള്ളുന്ന കമ്യൂണിസ്റ്റ് രാജ്യമായ ക്യൂബയിൽ ഫിഡൽ കാസ്ട്രോ അടുത്ത പ്രസിഡണ്ടായി നിയോഗിച്ചത് തന്റെ അനുജനായ റൗൾ കാസ്ട്രോയെയാണെന്നതും മറക്കാതിരിക്കുക.

നെഹ്റു കുടുംബത്തിലെ ആരെങ്കിലും അധികാരത്തിൽ എത്തിയെങ്കിൽ ഭരണഘടനാപരമായി നടത്തപ്പെട്ട പൊതുതെരഞ്ഞെടുപ്പുകളിലൂടെയാണ്. ജനാധിപത്യം വേണമെന്ന് പറഞ്ഞ വിദ്യാർത്ഥികളെ പട്ടാളടാങ്കുകൾ ഉപയോഗിച്ച് കൊന്നൊടുക്കിയ ചൈനയിലെ കമ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ വിക്രിയകൾ ലോകചരിത്രത്തിൽ തുല്യതകളില്ലാത്ത സംഭവമായി 2009ലും നിലകൊള്ളുമ്പോൾ ഇന്ത്യയെന്ന വികാരത്തിനുവേണ്ടിയും ജനാധിപത്യത്തിനുവേണ്ടിയും സ്വന്തം ജീവിതങ്ങൾ ഹോമിച്ച കുടുംബത്തെ ഇനിയെങ്കിലും വെറുതെ വിടുക. പ്രധാനമന്ത്രിപദവി സന്തോഷത്തോടെ നിരസിച്ച സോണിയാ ഗാന്ധിയുടെ കുടുംബപാരമ്പര്യം കോൺഗ്രസ് അഭിമാനത്തോടെ എവിടെയും ഉയർത്തിപ്പിടിക്കുന്നതിൽ എന്താണ് അപാകത?

ലേഖനത്തിന്റെ അവസാനം ശ്രീരാമൻ എഴുതി, "ഏ.കെ.ആന്റണിയോട് അഭിമുഖകാരൻ ചോദിക്കുന്നത് മൂന്നാം മുന്നണിയെപ്പറ്റി എന്താണഭിപ്രായം? അത് വെറും ഒരു സ്വപ്നമാണ്-ആന്റണിയുടെ മുഖത്ത് പുച്ഛവും നീരസവും. എനിക്ക് അപ്പോഴാണ് മനസ്സിലായത് ആർക്കാണ് വോട്ടു ചെയ്യേണ്ടതെന്ന്. കാരണം താൻ സ്വപ്നങ്ങളിൽ വിശ്വസിക്കുന്നവനാണല്ലോ".

മൂന്നുവർഷങ്ങൾക്കു മുമ്പ് കേരളത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർത്ഥിക്ക് വോട്ടു ചെയ്യണമെന്ന പൊതുപ്രസ്താവന ഇടതുബുദ്ധിജീവികൾ ഇറക്കിയപ്പോൾ വി.കെ.ശ്രീരാമൻ അവരിൽ ഒരാളായിരുന്നു. പ്രസ്താവനയിറക്കി തുടക്കം മുതൽ പിണറായി പക്ഷക്കാരനായി തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് വോട്ടുചെയ്തതുകൊണ്ട് വി.കെ. ശ്രീരാമന് എന്താണ് ഗുണമെന്നറിയാൻ ഏപ്രിൽ 19ലെ പത്രത്തിൽ ഇങ്ങനെ വായിക്കാം, "വി.കെ.ശ്രീരാമന്റെ ലേഖനങ്ങൾ എന്ന പുസ്തകത്തിന് കേരള സാഹിത്യ അക്കാദമിയുടെ സി.ബി.കുമാർ എൻഡോവ്മെന്റ് അവാർഡ് ലഭിച്ചിരിക്കുന്നു."